**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1509** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ചരക്ക് സേവന നികുതി ചോർച്ച</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. സി. കെ. കാസിം
ശ്രീ. ഫൈസൽ ബാബു

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ചരക്ക് സേവന നികുതി ചോർച്ച കണ്ടെത്തി തടയുന്നതിനായുള്ള ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആയത് ഫലപ്രദമാണോ;

**<u>മറുപടി:</u>** നികുതി ചോർച്ച കണ്ടെത്തുന്നതിന് ഓഡിറ്റ് വിഭാഗം ചരക്ക സേവന നികുതി നിയമം, വകുപ്പ് 65 പ്രകാരം ഓഡിറ്റ് നടത്തി വരുന്നു. 2026 മെയ് 31 വരെ, നികുതി ചോർച്ച കണ്ടെത്തുന്നതിനായി 3586 നികുതിദായകരെ ഓഡിറ്റ് നടത്തുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ നിന്നും 1959 നികുതിദായകരുടെ ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുകയും അതിന്റെ ഫലമായി 1269.44 കോടി രൂപയുടെ നിർണ്ണയിക്കപ്പെട്ട നികുതി ബാധ്യത കണ്ടെത്തുകയും ചെയ്തു. ഇതിനകത്ത് നിന്നും നികുതി വകുപ്പ് ഓഡിറ്റ് വിഭാഗത്തിന്റെ നിയമപരമായ നടപടികളുടെ അനന്തരഫലമായി നികുതിദായകരെ കൊണ്ട് 204.95 കോടി രൂപ സർക്കാരിലേക്ക് അടപ്പിക്കുവാൻ കഴിഞ്ഞു. ബാക്കി തുക ഈടാക്കാനുള്ള നിയമപരമായ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

**(ബി)** നികുതി വെട്ടിപ്പിന് സഹായകരമായ രീതിയിൽ ഫയൽ നടപടികളിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല.

**(സി)** ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** i) ഓഡിറ്റ് വിഭാഗം ജി.എസ്.ടി.എൻ. ബാക്ക് എൻഡിൽ നിന്നും ഫീൽഡ് ഡാറ്റയിൽ നിന്നും ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്ത് രൂപപ്പെടുത്തിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും ഓഡിറ്റിനുള്ള നികുതിദായകരെ തിരഞ്ഞെടുക്കുന്നത്.

ii) ഓഡിറ്റ് വിഭാഗം ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർണ്ണമായും തനത് സോഫ്റ്റ് വെയർ വഴി നടപ്പിലാക്കാൻ പദ്ധതിയിടുന്നു.

iii) ജി.എസ്.ടി. നിയമത്തിലെ ചലനാത്മകമായ വ്യവസ്ഥകൾ, കോടതി വിധികൾ, സി.എ.ജി ഓഡിറ്റ് സംശയങ്ങൾ എന്നിവ സംബന്ധിച്ച് ഏറ്റവും പുതിയ അറിവ് ഉറപ്പാക്കുന്നതിനായി ഓഡിറ്റ് വിഭാഗം

എല്ലാ പങ്കാളികൾക്കും സമഗ്രവും വിശദവുമായ പരിശീലനം നൽകാൻ പദ്ധതിയിടുന്നു.

iv) ഓഡിറ്റ് വിഭാഗം നികുതിദായകർ, ജി.എസ്.ടി പ്രാക്ടീഷണർമാർ, സി.എമാർ, അഭിഭാഷകർ എന്നിവർക്കായി തുടർ അവബോധ പരിപാടികൾ സംഘടിപ്പിക്കുവാൻ പദ്ധതിയിടുന്നു. ഇത് നികുതിദായകരിൽ സ്വയംപാലനം വർദ്ധിപ്പിക്കാൻ സഹായിക്കും.

**സെക്ഷൻ ഓഫീസർ**